**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 617** **06-12-2022 - ൽ മറുപടിയ്ക്ക്**

**നിയമവകുപ്പിലെയും വകുപ്പിന്റെ കീഴിലുമുള്ള സ്ഥാപനങ്ങളിലെയും താൽക്കാലിക/കരാർ നിയമനങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. ഐ .സി .ബാലകൃഷ്ണൻ</th><th colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/ കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ;</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമവകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ രണ്ട് താൽക്കാലിക നിയമനങ്ങളും ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ 13 താൽക്കാലിക നിയമനങ്ങളും നടത്തിയിട്ടുണ്ട്. കൂടാതെ ഈ സർക്കാരിന്റെ കാലത്ത് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തതും അതിനെ തുടർന്ന് ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ ഉണ്ടായ ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമന കാലാവധി കഴിഞ്ഞതിനെ തുടർന്ന് ദിവസവേതനാടിസ്ഥാനത്തിൽ തുടർന്ന് വന്നവർ ഉൾപ്പെടെ 19 പേരെ വിവിധ കാലയളവുകളിലായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. നിലവിൽ എട്ട് പേർ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. ഡ്രൈവർ തസ്തികയിൽ രണ്ട്പേർ സേവനമനുഷ്ഠിച്ചിട്ടുണ്ട്.. ഈ സർക്കാരിന്റെ കാലത്ത് താൽക്കാലിക വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം ആകെ 3,57,803/-രൂപ (മൂന്ന് ലക്ഷത്തി അൻപത്തിയേഴായിരത്തി എണ്ണൂറ്റി മൂന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.<br><br>നിയമവകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻ കീഴിലുള്ള അഡ്വക്കേറ്റ് ജനറൽ കാര്യാലയ ത്തിലെ താൽക്കാലിക/കരാർ നിയമനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br><u>ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II</u><br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 131 പേർക്ക് നിയമന ഉത്തരവ് അയച്ചു. ഇതിൽ 118 പേർ താൽകാലികാടിസ്ഥാനത്തിൽ 180 ദിവസത്തേയ്ക്ക് സേവനത്തിൽ പ്രവേശിച്ചു. 24/10/16-ലെ 15060/Inspn1/16/നിയമം കത്തിലെ വ്യവസ്ഥകൾ പ്രകാരം 25 ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ 179 ദിവസ ത്തേയ്ക്കും നിയമിച്ചിട്ടുണ്ട്.<br><br>നിലവിൽ 60 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ഒരാൾ ദിവസവേതനാടി സ്ഥാനത്തിലും ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II ആയും ജോലി ചെയ്യുന്നു.<br><br><u>കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II</u><br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II (താൽകാലികം) തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 10 പേരെ നിയമിച്ചിരുന്നു. നിലവിൽ 6 പേർ ടി തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായി സേവനമനുഷ്ഠിച്ചുവരുന്നു.<br><br><u>പാർട്ട് ടൈം സ്വീപ്പർ, ഡ്രൈവർ ഗ്രേഡ് II, ബൈൻഡർ ഗ്രേഡ് II</u><br><br><table><tr><th>തസ്തിക</th><th>എണ്ണം</th><th>നിലവിലുള്ളവർ</th></tr><tr><td></td><td></td><td></td></tr></table></td></tr>
</table>

| | | |
|---|---|---|
| പാർട്ട് ടൈം സ്വീപ്പർ | 5 | 5 |
| ഡ്രൈവർ ഗ്രേഡ് II | 2 | 2 |
| ബൈൻഡർ ഗ്രേഡ് II | 1 | 1 |

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് 2022 ഒക്ടോബർ മാസം ശമ്പളവും സറണ്ടറും ഉൾപ്പെടെ 14,85,415/- രൂപയാണ് നൽകിയത്.

| **ദിവസവേതന വ്യവസ്ഥ യിൽ നിയമിക്കപ്പെട്ടവർ** | **ശമ്പള ഇനത്തിൽ ഒക്ടോബർ 2022 -ൽ കൈമാറിയ തുക** |
|---|---|
| ഓഫീസ് അറ്റൻഡന്റ് | 84,375/ |
| ഡ്രൈവർ | 16,060/- |
| **ആകെ തുക** | **1,00,435/-** |

2022 ഒക്ടോബർ മാസം കാഷ്വൽ സ്വീപ്പർമാർക്ക് ആകെ 40,000/- രൂപ കൈമാറി.

നിയമവകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻ കീഴിലുള്ള മറ്റൊരു സ്ഥാപനമായ കേരള സംസ്ഥാന മനുഷ്യവകാശ കമ്മീഷനിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ഡ്രൈവർ തസ്തികയിൽ 4 പേരെയും ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ 4 പേരെയും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ 2 പേരെയും ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇപ്രകാരം നിയമിതരായവർക്ക് വേതനമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെ തുക 1,80,300 (ഒരു ലക്ഷത്തി എൺപതിനായിരത്തി മുന്നൂറ് രൂപ മാത്രം) രൂപയാണ്.

(ബി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; മറ്റ് തസ്തികകളിൽ നിയമനത്തിനായി അവലംബിച്ച മാർഗ്ഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത്; വിശദാംശം വ്യക്തമാക്കുമോ?

(ബി) നിയമവകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 2 താൽക്കാലിക നിയമനങ്ങൾ നൽകിയിട്ടുണ്ട്. ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ 13 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ഡ്രൈവർ തസ്തികയിൽ 2 പേർ ദിവസവേതനാടി സ്ഥാനത്തിലും സേവനം ചെയ്തിട്ടുണ്ട്. ടി താൽകാലിക നിയമനങ്ങൾ നിയമവകുപ്പ് നേരിട്ടാണ് നടത്തിയിട്ടുള്ളത്. ഏജൻസികൾ മുഖേന നിയമനങ്ങൾ നടത്തിയിട്ടില്ല.

നിയമവകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻ കീഴിലുള്ള അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിലെ താൽക്കാലിക/കരാർ നിയമനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

**നിയമനത്തിന് അവലംബിച്ച മാർഗ്ഗം**

| **തസ്തിക** | **എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന** | **കുടുംബശ്രീ മുഖേന** | **സർക്കാർ അനുമതി പ്രകാരം നോട്ടീസ് നൽകി അഭിമുഖം നടത്തി തെരഞ്ഞെടുത്തത്** |
|---|---|---|---|
| പാർട്ട് ടൈം സ്വീപ്പർ | --- | 5 | -- |
| ഡ്രൈവർ ഗ്രേഡ് II (LDV) | 1 | --- | 1 |
| ബൈൻഡർ ഗ്രേഡ് | 1 | --- | --- |

| | | | |
|---|---|---|---|
| II | | | |
| ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് II | 118 | --- | --- |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II | 10 | --- | -- |

ഏജൻസി മുഖേന അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ നിയമനമൊന്നും നടത്തിയിട്ടില്ല.

നിയമവകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻ കീഴിലുള്ള മറ്റൊരു സ്ഥാപനമായ കേരള സംസ്ഥാന മനുഷ്യവകാശ കമ്മീഷനിൽ എല്ലാ തസ്തികകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനായി നടപടികൾ എടുക്കുകയും നിയമനനടപടികൾ പൂർത്തീകരിച്ച് 29.11.2022 തീയതിയിലെ കേരള സംസ്ഥാന മനുഷ്യവകാശ കമ്മീഷന്റെ നിയമനഉത്തരവുകൾ രജിസ്റ്റേർഡ് തപാലിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് അയച്ച് നൽകിയിട്ടുള്ളതുമാണ്. മറ്റ് തസ്തികകളിൽ സർക്കാർ വകുപ്പുകളിൽ നിന്ന് അന്യത്രസേവന വ്യവസ്ഥയിലാണ് നിയമനം നടത്തുന്നത്.

സെക്ഷൻ ഓഫീസർ